മരിച്ചു. അവശേഷിക്കുന്നവരിൽ പലരും അവശരും ആരോഗ്യം ക്ഷയിച്ച് പ്രയാസപ്പെട്ട് ജീവിതം നയിക്കുന്നവരുമാണ്. മദ്ധ്യപ്രദേശ്, പഞ്ചാബ്, യു.പി. സർക്കാരുകൾ രാഷ്ട്രീയ തടവുകാരായി ഇവരെ അംഗീകരിച്ചതുപോലെ കേരള സർക്കാരും രാഷ്ട്രീയ തടവുകാരായി ഇവരെ അംഗീകരിച്ച് സ്വാതന്ത്ര്യ സമര സേനാനികൾക്ക് നൽകുന്നതുപോലെ പെൻഷനും യാത്രാ സൗകര്യങ്ങളും ചികിൽസാ ചെലവുകളും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അടിയന്തരാവസ്ഥ കാലത്ത് തടവ് ശിക്ഷ അനുഭവിച്ചവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അടിയന്തരാവസ്ഥ കാലത്ത് MISA, DIR എന്നിവ പ്രകാരം ഏതാണ്ട് അയ്യായിരത്തി അഞ്ഞൂറിൽപ്പരം പേർ ജയിലിൽ കഴിഞ്ഞിട്ടുള്ളതായിട്ടാണ് പ്രാഥമിക കണക്കുകൾ. ഇവരെ രാഷ്ട്രീയ തടവുകാരായി അംഗീകരിച്ച് സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകുന്നതുപോലെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(3) എൻഡോസൾഫാൻ ബാധിതർ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ കയ്യൂർ ചീമേനി പഞ്ചായത്തിൽ ഏതാണ്ട് അയ്യായിരത്തിൽപ്പരം ഏക്കർ സ്ഥലത്തുള്ള കാഷ്യൂ പ്ലാന്റേഷനിൽ ഏയറിയൽ സ്പ്രെ വഴി എൻഡോസൾഫാൻ തളിച്ചതിന്റെ ഭാഗമായിട്ട് ഒരുപാട് രോഗികളുണ്ട്. അവർക്ക് ആവശ്യമായിട്ടുള്ള ചികിൽസയും മറ്റ് സൗകര്യങ്ങളൊക്കെ ആ പഞ്ചായത്തിൽ കിട്ടുന്നുണ്ട്. നമ്മുടെ ഗവൺമെന്റിൽ നിന്ന് വലിയ സഹായമാണ് ലഭിക്കുന്നത്. വലിയ ശ്രദ്ധയാണ് ആ കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രിയും അതുപോലെ തന്നെ ആരോഗ്യമന്ത്രിയും മുൻകൈയെടുത്ത് അവിടെ ചെയ്തിട്ടുള്ളത്. എന്നാൽ അതിന് തൊട്ട് അടുത്തുള്ള കണ്ണൂർ ജില്ലയിലെ കാങ്കോൽ-ആലപ്പടമ്പ്, പെരിങ്ങോം-വയക്കര, കാസർഗോഡ് ജില്ലയിൽത്തന്നെയുള്ള ചീമേനി പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി എന്നി പഞ്ചായത്തുകളിലുമായി നൂറ് കണക്കായ രോഗികളുണ്ട്. ഞാൻ അവരുടെ വീടുകളിലൊക്കെ പോയിരുന്നു. കരളലിയിക്കുന്ന കാഴ്ചകളാണ് അവിടെയുള്ളത്. ഇപ്പോഴുള്ള ചികിൽസാ സഹായ ദുരിതാശ്വാസ പദ്ധതിയിൽ ഈ പ്രദേശങ്ങളും പഞ്ചായത്തുകളും ഉൾപ്പെടുന്നില്ല. അതുകൊണ്ട് അടിയന്തിരമായിട്ടും ഈ നാല് പഞ്ചായത്തുകളിലെ രോഗികൾക്ക് കൂടി ആവശ്യമായിട്ടുള്ള സമാശ്വാസ പദ്ധതികൾ എത്തിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിലാണ് ആരോഗ്യ വകുപ്പ് എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയിട്ടുള്ളത്. പ്രസ്തുത സർവ്വേയിൽ 2836 പേരെയാണ് എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുള്ളത്. ഇവരെ പുനരധിവസിപ്പിക്കുന്നതിനും ചികിൽസിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി പെൻഷൻ പദ്ധതിയും സ്പെഷ്യൽ പാക്കേജും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്ടെ ജില്ലാ ആശുപത്രി, ജില്ലയിലെ മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു. കൂടുതൽ പ്രദേശങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതരുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം അവരെക്കൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പെൻഷൻ പദ്ധതിയിലും സ്പെഷ്യൽ പാക്കേജിലും ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(4) സ്വകാര്യ വാഹനം ഓടിച്ചുകയറിയ സംഭവം

ശ്രീ. കെ. ബാബു: സർ, 2010 ഡിസംബർ മാസം 25-ാം തീയതി ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി തൃശൂർ എത്തിയ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വാഹനവ്യൂഹത്തിലേക്ക് ഒരു സ്വകാര്യ വാഹനം ഇടിച്ചു കയറിയതായി വാർത്തകൾ വന്നിട്ടുണ്ട്. വളരെ ആശങ്കാജനകമായ വാർത്തയാണത്. പ്രധാനമന്ത്രി തിരുവനന്തപുരം സന്ദർശിച്ചപ്പോഴും മറ്റ് വി.വി.ഐ.പി.-കൾ തിരുവനന്തപുരത്ത് എത്തിയപ്പോഴും ഇതേ പ്രശ്നം ഉണ്ടായിട്ടുണ്ട്. പുതുവർഷത്തിൽ ഭീകരാക്രമണ ഭീഷണി നേരിടുന്നതായി ജാഗ്രതാ നിർദ്ദേശം രാജ്യത്ത് എല്ലായിടത്തുമുണ്ട്. പ്രത്യേകിച്ച് കേരള തീരത്ത് പ്രത്യേക ജാഗ്രത ഉണ്ടാകണമെന്നുള്ള നിർദ്ദേശം കേന്ദ്രത്തിൽ നിന്ന് ലഭിച്ചതായും വാർത്തകളുണ്ട്. ഈ സാഹചര്യത്തിൽ അത്യന്തം സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യുന്ന പ്രധാനമന്ത്രിയുടെ യാത്രാമദ്ധ്യേ സ്വകാര്യ വാഹനം ഇടിച്ചുകയറുക എന്ന് പറഞ്ഞാൽ ഗുരുതരമായ ഒരു വീഴ്ചയാണ്. ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. ഇത്തരം വീഴ്ചകൾ എങ്ങനെ സംഭവിച്ചു, ആരുടെ ഭാഗത്ത് നിന്നുണ്ടായി എന്നുള്ളതിനെക്കുറിച്ചൊക്കെ ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ആദരണീയനായ ലീഡർ കെ. കരുണാകരന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുവേണ്ടി 25-12-2010-ന് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് തൃശൂർ സന്ദർശിച്ചിരുന്നു. പ്രധാനമന്ത്രിയുടെ സന്ദർശനവേളയിൽ പ്രധാനമന്ത്രിയുടെ സുരക്ഷയ്ക്ക് ഭീഷണിയായ യാതൊരു സംഭവവും ഉണ്ടായിട്ടില്ല. പ്രധാനമന്ത്രിയുടെ വാഹനവ്യൂഹത്തിലേക്ക് സ്വകാര്യ വാഹനം ഓടിച്ച് കയറി എന്ന വാർത്ത ശരിയല്ല. പ്രധാനമന്ത്രിയുടെ വാഹന വ്യൂഹം പൈലറ്റിന് പുറകിലായി തൃശൂരിലെ ഹെലിപ്പാടിൽ നിന്നും ടൗൺ ഹാളിലേക്ക് പോകുന്ന വഴിയിൽ നാഷണൽ ഹൈവേ ബൈപ്പാസിലുള്ള നടത്തറ ജംഗ്ഷൻ അടുത്ത് എത്തിയപ്പോൾ ഉച്ചയ്ക്ക് 1.55 ഓടുകൂടി കെ.എൽ.08 AQ 9998 എന്ന ചുവന്ന വാഗ്ണർ കാർ എതിർ ദിശയിൽ വരുന്നത് പൈലറ്റ് വണ്ടിയിലുള്ളവർ കണ്ടു. പ്രധാനമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly